**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : **2004**

05.12.2018 ൽ
മറുപടി നൽകേണ്ടിയിരുന്നത്

# സി.സി.ടി.വി.ക്യാമറകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് | | പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| എ) | കാസർകോട് ജില്ലയിൽ എത്ര നിരീക്ഷണ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ഏതെല്ലാം പോയിന്റുകളിലാണ് ഇവയുള്ളതെന്നും പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ; | എ) | കാസർഗോഡ് ജില്ലയിൽ **95** നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.<br>ഹോസ്ദുർഗ് പോലീസ് സ്റ്റേഷൻ - 35<br>കാസർഗോഡ് പോലീസ് സ്റ്റേഷൻ - 38<br>വിദ്യാനഗർ പോലീസ് സ്റ്റേഷൻ - 12<br>മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ - 3<br>ബേക്കൽ പോലീസ് സ്റ്റേഷൻ - 4<br>കുമ്പള പോലീസ് സ്റ്റേഷൻ - 3 |
| ബി) | ഏത് ഫണ്ട് ഉപയോഗിച്ച് എത്ര വർഷം മുമ്പാണ് ഇവ സ്ഥാപിച്ചതെന്ന് വ്യക്തമാക്കാമോ; | ബി) | M&E Fund ഉപയോഗിച്ച് 12.02.2014 തീയതിയിലെ വർക്ക് ഓർഡർ പ്രകാരം 82 ക്യാമറകളും എം.എൽ.എ ഫണ്ട് ഉപയോഗിച്ച് 13 ക്യാമറകളും സ്ഥാപിച്ചിട്ടുണ്ട്. 2014 മുതൽ 2016 വരെയുള്ള കാലയളവിലാണ് ജില്ലയിൽ സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചത്. |
| സി) | സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചതിനുശേഷം എത്ര പ്രാവശ്യം അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ടെന്നും അതിനുള്ള ചെലവ് എത്രയാണെന്നും ഈ ചെലവ് വഹിച്ചതാരാണെന്നും വ്യക്തമാക്കാമോ; | സി) | ക്യാമറകൾ സ്ഥാപിച്ച് ഒരു വർഷത്തെ വാറണ്ടി പിരീഡിന് ശേഷം പണം മുടക്കി അറ്റകുറ്റപ്പണികൾ ഒന്നും നടത്തിയിട്ടില്ല. |
| ഡി) | ഏത് ഏജൻസിയാണ് നിരീഷണ സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചതെന്ന് വ്യക്തമാക്കാമോ? | ഡി) | കെൽട്രോൺ മുഖേനയാണ് ക്യാമറകൾ സ്ഥാപിച്ചത്. |

| | | | |
|---|---|---|---|
| ഇ) | നിരീക്ഷണ സി.സി.ടി.വി. ക്യാമറകൾ ഇപ്പോൾ പ്രവർത്തനക്ഷമമാണോ എന്നും അല്ലെങ്കിൽ എത്രകാലമായി എവിടെയെല്ലാം പ്രവർത്തിക്കുന്നില്ലെന്നും അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കാത്തത് എന്ത് കൊണ്ടാണെന്നും വ്യക്തമാക്കാമോ? | ഇ) | എല്ലാ ക്യാമറകളും പ്രവർത്തനക്ഷമമല്ല. ഇവ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ